**<u>ഗ്രാമന്യായാലയക്കോടതി, വെള്ളനാട്</u>**
**<u>ഹാജർ : അപർണ സുകുമാരൻ, ന്യായാധികാരി</u>**
**<u>2025 മേയ് 06-ാം തീയതി</u>**
**<u>എം.സി. 32/2024 സി.എം.പി 738/2024</u>**

<u>ഹർജികക്ഷി</u> : ഷിംന.ആർ, വയസ്സ് 33, D/o അബൂബക്കർ, തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ, വിതുര വില്ലേജ്, നെടുമങ്ങാട്, തിരുവനന്തപുരം.

**(വക്കീൽ :- സതീഷ് ബാബു.എസ്)**

<u>എതിർകക്ഷികൾ</u> :
1. ഹാജ.എസ്, വയസ്സ് 35, S/o ഷാഹുൽ ഹമീദ്, തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ, വിതുര വില്ലേജ്, നെടുമങ്ങാട്, തിരുവനന്തപുരം.
2. ഖദീജ ബീവി, വയസ്സ് 60, തടത്തരികത്തു വീട്, വായകഞ്ചി, ആനപ്പാറ, വിതുര.പി.ഒ, വിതുര വില്ലേജ്, നെടുമങ്ങാട്, തിരുവനന്തപുരം.

<u>വകുപ്പ്</u> : ഗാർഹിക പീഡനത്തിനുള്ള സ്ത്രീ സംരക്ഷണ നിയമം 2005, വകുപ്പ് 12 അനുസരിച്ചുള്ളതാണ്.

## <u>ഉത്തരവ്</u>

ഗാർഹിക പീഡനത്തിൽ നിന്നും സ്ത്രീകളെ സംരക്ഷിക്കുന്ന നിയമത്തിലെ 12-ാം വകുപ്പ് പ്രകാരം ബോധിപ്പിച്ച ഹർജിയാണിത്.

1. <u>ഹർജിയുടെ ചുരുക്കം:-</u> ഹർജികക്ഷിയും എതിർകക്ഷിയും തമ്മിലുള്ള വിവാഹം 19..05..2013-ൽ വിതുര പഞ്ചായത്ത് കമ്യൂണിറ്റി ഹാളിൽ വച്ച് നടന്നിട്ടുള്ളതാകുന്നു. ടി ബന്ധത്തിൽ സന്താനങ്ങൾ ഒന്നും തന്നെ ഇല്ല. ഒന്നാം എതിർകക്ഷി കെട്ടിട നിർമ്മാണ ജോലി ചെയ്തുവന്നിരുന്നു. ഹർജിക്കാരിയുടെ ആഭരണങ്ങൾ വിറ്റ് ഒന്നാം എതിർകക്ഷി സൗദി അറേബ്യയിലേക്ക് ജോലിക്കായി പോകുകയും ചെയ്തു. തുടർന്നും എതിർകക്ഷികളുടെ പ്രവർത്തികൾ ഹർജിക്കാരിയുടെ ജീവനും സ്വത്തിനും ഭീഷണിയുള്ളതിനാലാണ് ഹർജി ഫയൽ ചെയ്തത്.

ഒന്നാം എതിർകക്ഷി ഇപ്പോൾ സൗദി അറേബ്യയിൽ ജോലി ചെയ്തു വരുന്നതിനാൽ കോടതി മുൻപാകെ എല്ലായ്പ്പോഴും ഹാജരാകാനും കേസ് കാര്യങ്ങൾ നടത്താനും കഴിയാത്തതുമാകുന്നു. ടി നമ്പർ കേസുകാര്യങ്ങൾ ഒന്നാം എതിർകക്ഷിക്കുവേണ്ടി നോക്കി നടത്തുന്നതിലേയ്ക്കായി ഒന്നാം എതിർകക്ഷിയുടെ പിതാവായ അബ്ദുൾഖാദർ പേർക്ക് 25..07..2024 തീയതി വച്ച് മുക്ത്യാർ എഴുതി ഒപ്പിട്ടു നൽകിയിട്ടുള്ളതും ആയത് ടി തീയതിയിൽ തന്നെ Notary Attest ചെയ്ത് ഹാജരാക്കിയിട്ടുള്ളതുമാകുന്നു. എതിർകക്ഷിയുടെ കേസ് നടത്താൻ വേണ്ടി എതിർകക്ഷിയുടെ പിതാവും മുക്ത്യാർകാരനുമായ എന്നെ അനുവദിക്കുന്നതിനു വേണ്ടിയാണ് ഈ ഹർജി ഫയൽ ചെയ്തത്.

2. കളവായും കൃത്രിമമായും തയ്യാറാക്കിയ മുക്ത്യാർ ആണിത് എന്നും ഇതിൽ ഒന്നാം എതിർകക്ഷിയുടെ പ്രായം പോലും തെറ്റായിട്ടാണ് രേഖപ്പെടുത്തിയിരിക്കുന്നത് എന്നും ഒന്നാം എതിർകക്ഷിയുടെ ഒപ്പുകൾ തമ്മിൽ വ്യത്യാസമുണ്ടെന്നും ആയതിനാൽ ടി മുക്ത്യാർ ഒന്നാം എതിർകക്ഷി കാണാൻ ഇടയായിട്ടില്ല എന്നും ഹർജിക്കാരി ആക്ഷേപത്തിൽ പറയുന്നു.

3. ഹർജിക്കാരിയുടെ ഭാഗം വാദം കേട്ടു.

4. താഴെ പറയുന്ന പോയിന്റുകൾ പരിഗണനക്കായി എടുത്തു.

i. ഒന്നാം എതിർകക്ഷിക്കു വേണ്ടി സമർപ്പിച്ചിട്ടുള്ള മുക്ത്യാർ സ്വീകരിച്ച് ഹർജി അനുവദിക്കേണ്ടതുണ്ടോ?

ii. ഉത്തരവുകളും ചിലവുകളും?

5. 1 -ാം പോയിൻറ് :- ഈ മുക്ത്യാർ നിയമസാധുതയുള്ളതും ശരിയായി നടപ്പിലാക്കിയതുമാണെന്നും കണ്ടെത്തിയിരിക്കുന്നു. ഈ കേസിൽ ഒന്നാം എതിർകക്ഷി നോട്ടീസ് കൈപ്പറ്റിയിട്ടുള്ളതാണ്. അതിനാൽ മുക്ത്യാറുമായി ബന്ധപ്പെട്ട് എന്തെങ്കിലും അന്യായപ്രവർത്തി ഉണ്ടെങ്കിൽ ഈ കോടതി മുൻപാകെ ഹാജരായി മറുപടി നൽകാൻ കഴിയുമായിരുന്നു. എന്നാൽ ഒന്നാം എതിർകക്ഷി അത്തരത്തിലുള്ള യാതൊരു ആക്ഷേപവും ബോധിപ്പിച്ചിട്ടില്ല. അതിനാൽ ഈ മുക്ത്യാർ അംഗീകരിക്കാമെന്നും മുക്ത്യാർകാരന് മുക്ത്യാറിൽ അനുവദിച്ചുള്ള പരിധിക്കുള്ളിലായി ഒന്നാം എതിർകക്ഷിക്കു വേണ്ടി കേസ് തുടർന്നു നടത്താൻ അനുവദിക്കാമെന്ന് കണ്ടെത്തിയിരിക്കുന്നു. ആയതിനാൽ നീതിയുടെ താല്പര്യാർത്ഥം ഹർജി അനുവദിച്ച് ഉത്തരവായിരിക്കുന്നു.

മേൽ പറഞ്ഞ പോയിൻ്റിൽ ഈ കോടതി എത്തിച്ചേർന്ന കണ്ടെത്തലുകളുടെ അടിസ്ഥാനത്തിൽ ഹർജി താഴെ പറയും പ്രകാരം ഭാഗികമായി അനുവദിച്ച് കല്പനയായിരിക്കുന്നു.

- ഒന്നാം എതിർകക്ഷിക്കു വേണ്ടി സമർപ്പിച്ചിട്ടുള്ള മുക്ത്യാർ സ്വീകരിച്ച് കേസ് തുടർന്നു നടത്താൻ അനുവദിക്കാമെന്ന് ഉത്തരവാകുന്നു.

(ഞാൻ പറഞ്ഞു കൊടുത്തതുപ്രകാരം കോൺഫിഡൻഷ്യൽ അസിസ്റ്റൻറ് എഴുതിയെടുത്ത് കമ്പ്യൂട്ടറിൽ ടൈപ്പ് ചെയ്ത് ഞാൻ തിരുത്തി ഇന്ന് 2025 മേയ് മാസം 06-ാം തീയതി തയ്യാറാക്കി തുറന്ന കോടതിയിൽ ഉത്തരവ് പറഞ്ഞിട്ടുള്ളതാണ്)

sd/-
**ന്യായാധികാരി**

//ശരിപ്പകർപ്പ്//

**ന്യായാധികാരി**